പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1560 **01-07-2026-ൽ മറുപടിയ്ക്ക്**

ആര്യനാട് സി.എച്ച്.സി., വീരണകാവ് എഫ്.എച്ച്.സി. എന്നിവയുടെ പ്രവർത്തന പുരോഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാർ കാലയളവിൽ നവകേരള സദസ് പദ്ധതി പ്രകാരം അനുവദിച്ച ആര്യനാട് സി.എച്ച്.സി.,വീരണകാവ് എഫ്.എച്ച്.സി.എന്നീ ആരോഗ്യസ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

മറുപടി: നവകേരള സദസ്സിൽ ഉയർന്നു വന്ന വികസന പദ്ധതികളുടെ അന്തിമ പട്ടിക അംഗീകരിച്ചുകൊണ്ട് പുറപ്പെടുവിച്ചിരുന്ന സ.ഉ(കൈ)നം.3/2025/PIE&MD തീയതി 28.07.2025 ഉത്തരവിൽ ആര്യനാട് സാമൂഹികാരോഗ്യകേന്ദ്രത്തിൽ 5 കോടി രൂപ ചെലവിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയും, വീരണകാവ് കുടുംബാരോഗ്യ കേന്ദ്രത്തിൽ 2 കോടി രൂപ ചെലവിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തികളുടെ പ്ലാനും എസ്റ്റിമേറ്റും ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു.

(ബി) കാലതാമസം കൂടാതെ ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

മറുപടി: മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ